പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2037 **26-10-2026-ൽ മറുപടിയ്ക്ക്**

2017-ലെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ നിയമപ്രകാരമുള്ള റീഫണ്ട് നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) 2017 മുതൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ കീം സ്പെഷ്യൽ ബി.പി.എൽ. സംവരണത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ കൃത്യമായ വിവരങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; എം.ബി.ബി.എസ്. കോഴ്സിന്റെ ഫീസ് റീഫണ്ട് നൽകിയതിൽ ബി.പി.എൽ. വിദ്യാർത്ഥികളെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയതിനുശേഷം ബി.പി.എൽ സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും അവർക്ക് **2017, 2018, 2019** എന്നീ വർഷങ്ങളിൽ നൽകിയ തുക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു.

എം.ബി.ബി.എസ്. കോഴ്സിന്റെ ഫീസ് റീഫണ്ട് നൽകുന്നതിൽ നിന്നും ബി.പി.എൽ. വിദ്യാർത്ഥികളെ ഒഴിവാക്കിയിട്ടില്ല.

(ബി) 2017 മുതൽ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഗവൺമെന്റിലേക്കും എഫ്.ആർ.സി.(ഫീ റഗുലേറ്ററി കമ്മിറ്റി)ഫണ്ടിലേക്കും നൽകേണ്ട തുക കോർപ്പസ് ഫണ്ടിൽ ശേഖരിച്ചിട്ടുണ്ടോ; ഏതെല്ലാം കോളേജുകളാണ് ഈ തുക ഒടുക്കാൻ തയ്യാറായതെന്നും ഏതെല്ലാം കോളേജുകളാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കാമോ;

മറുപടി: **2017** മുതൽ **2024** വരെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ എൻ.ആർ.ഐ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും 5 ലക്ഷം രൂപ വീതം കോർപ്പസ് ഫണ്ടിലേയ്ക്ക് ത ഈടാക്കിയിട്ടുണ്ട്. **2017** മുതൽ **2019** വരെ എൻ.ആർ.ഐ.വിഭാഗം വിദ്യാർത്ഥികളിൽ നിന്നും കോർപ്പസ് ഫണ്ടിലേയ്ക്ക് ഈടാക്കിയ തുക സ്കോളർഷിപ്പിനത്തിൽ ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച **06.06.2018**-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് **WP(C) No. 7771/2018**-ൽ ബഹു.ഹൈക്കോടതി **23.07.2020**-ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത **SLP(C) No. 9885-88/2020**-ൽ ബഹു.സുപ്രീം കോടതി **16.05.2025**-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി **16.09.2025**-ലെ **GO (Ms) 317/2025/H&FWD നമ്പർ** ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കേണ്ട ചുമതല അതാത് കോളേജുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ **2020** മുതൽ **2023** വരെ എൻ.ആർ.ഐ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി കോർപ്പസ് ഫണ്ട് അക്കൗണ്ടിലും ട്യൂഷൻ ഫീ അക്കൗണ്ടിലും തുകയായി സൂക്ഷിച്ചിരുന്ന **Rs. 67,95,00,000/- രൂപ** വിവിധ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. കൂടാതെ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിവിധ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയ തുക ഉപയോഗിച്ച് അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി വിദ്യാർത്ഥികളുടെ ലിസ്റ്റ് കോളേജുകൾക്ക് നൽകിയിട്ടുമുണ്ട്. നിലവിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ തുകകൾ ഒന്നും നീക്കിയിരിപ്പ് ഇല്ല.

(സി) കോളേജുകളിൽ നിന്ന് കോർപ്പസ് ഫണ്ടിലേക്ക് ഇത്തരത്തിൽ ലഭിക്കേണ്ട ആകെ തുക എത്രയാണെന്നും ഇതിൽ നിന്ന് രക്ഷിതാക്കൾക്ക് തിരികെ നൽകാൻ സർക്കാരിന്റെ കൈവശം നിലവിലുള്ള തുക എത്രയാണെന്നും അറിയിക്കാമോ ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ഉപയോഗിക്കാതെ കിടക്കുന്ന ഈ ഫണ്ടിൽ നിന്നും അർഹരായ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും തുക തിരികെ നൽകുന്നതിനായി നിലവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

അനുബന്ധം

മെഡിക്കൽ പ്രവേശനത്തിനുശേഷം ബി.പി.എൽ. സ്കോളർഷിപ്പിന് അർഹത നേടിയവർക്ക് 2017, 2018, 2019 എന്നീ വർഷങ്ങളിൽ നൽകിയ തുക സംബന്ധിച്ച പട്ടിക.

2017-18				
Sl. No	Name Of College	No of BPL Students	Amount given	Balance amount to be given
1	Al-Azhar Medical College	11	21825000	2182500
2	Dr. Somervell Memorial CSI Medical College	6	13095000	
3	MES Medical College	11	24007500	
4	Sree Gokulam Medical College	12	26190000	
5	Azeezia Institute of Medical Science	4	7857000	873000
6	Travancore Medical College	2	4365000	
7	Amala Institute of Medical Science	2	4365000	
8	Believers Church Medical College	1	2182500	
9	Malabar Medical College	5	10912500	
10	Kannur Medical College	4	8730000	
11	Pushpagiri Institute of Medical Science	5	10912500	
12	Karuna Medical College	5	10530000	
13	S U T Accademy of Medical Science	7	14507640	
14	Malankara Orthodox Syrian Church Medical College	2	4365000	
15	Mount Zion Medical College	2	4330800	

16	P. K. Das Institute of Medical Science	8	18802800	
17	Sree Gokulam Medical College	4	8730000	
18	DM Wayanad Institute of Medical Sciences	4	9334080	
20	Academy of Medical Sciences Pariyaram	1	1125000	
22	Jubilee Mission Medical College	1	2182500	
23	KMCT Medical college	2	4320000	
	TOTAL		212669820	3055500

2018-19				
Sl. No	Name Of College	No of BPL Students	Amount given	Balance amount to be given
1	Dr. Somervell Memorial CSI Medical College	11	27720000	
2	MES Medical College	3	7560000	
3	Sree Gokulam Medical College	8	19568068	591932
4	Azeezia Institute of Medical Science	8	20160000	
5	Travancore Medical College	4	10080000	
6	Amala Institute of Medical Science	2	5040000	
7	Malabar Medical College	6	15120000	
8	Pushpagiri Institute of Medical Science	2	5040000	
9	Karuna Medical College	7	17027010	
10	S U T Accademy of Medical Science	8	17715600	1436400
11	Malankara Orthodox Syrian Church	2	5040000	

	Medical College			
12	Academy of Medical Sciences Pariyaram	2	2016000	3024000
13	Jubilee Mission Medical College	1	2520000	
14	KMCT Medical college	3	7479000	
	TOTAL		162085678	5052332

2019-20				
Sl. No	Name Of College	No of BPL Students	Amount given	Balance amount to be given
1	Al-Azhar Medical College	5	7761600	6098400
2	Dr. Somervell Memorial CSI Medical College	3	4989600	3326400
3	MES Medical College	5	8316000	5544000
4	Sree Gokulam Medical College	5	8316000	5544000
5	Azeezia Institute of Medical Science	5	8316000	5544000
6	Amala Institute of Medical Science	2	3326400	2217600
7	Malabar Medical College	1	1663200	1108800
8	Karuna Medical College	1	535135	2140540
9	S U T Accademy of Medical Science	5	7900200	5266800
10	Malankara Orthodox Syrian Church Medical College	1	1663200	1108800
11	Mount Zion Medical College	9	14855211	9903474
12	P. K. Das Institute of Medical Science	1	1793880	1195920
13	DM Wayanad Institute of Medical Sciences	6	10674180	7116120
14	Jubilee Mission Medical	1	1108800	1663200

	College			
15	KMCT Medical College	4	6581520	4387680
16	Sree Narayana Medical College	1	1941963	1294642
	TOTAL		89742889	63460376